# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.01.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) കാലാവസ്ഥാ നിരീക്ഷണത്തിലെ രാജ്യത്തിൻറെ പുരോഗതി ദുരന്ത പ്രതികരണ മേഖലയെ ശക്തിപ്പെടുത്തിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **PM Narendra Modi said that the country's progress in weather monitoring has strengthened the disaster response sector.**

2) ശബരിമലയിൽ മകരവിളക്ക് ദർശന സുകൃതം നേടി തീർത്ഥാടക ലക്ഷങ്ങൾ. മഹാ കുംഭമേളയിൽ ഇന്ന് പുണ്യസ്നാനം നടത്തിയത് മൂന്നരക്കോടിയിലേറെപ്പേർ.

   **Lakhs of pilgrims witnessed Makaravilakku Darshan at Sabarimala. Over 3.5 crore pilgrims took holy dip in Maha Kumbh Mela today.**

3) റഷ്യൻ സൈന്യത്തിനൊപ്പം പ്രവർത്തിക്കുന്ന ഇന്ത്യക്കാരെ എത്രയും വേഗം തിരിച്ചയക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രം, മലയാളി യുവാവിന്റെ മരണം വിദേശകാര്യ മന്ത്രാലയം സ്ഥിരീകരിച്ചു.

   **The Central govt  demands the immediate return of Indians working with the Russian army, the Ministry of External Affairs  confirms the death of a Malayali.**

4) മഞ്ഞൾ കൃഷി രംഗത്തെ ആഗോള പ്രോത്സാഹനവും കയറ്റുമതിയും ലക്ഷ്യമിട്ട് ദേശീയ മഞ്ഞൾ ബോർഡ് സ്ഥാപിച്ച് കേന്ദ്ര സർക്കാർ.

   **The Central Government has sets up  National Turmeric Board to promote and export turmeric cultivation globally.**

5) ഐ എസ് എൽ ഫുട്ബോളിൽ  നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്.സി - എഫ്.സി ഗോവ പോരാട്ടം.

   **In ISL football Northeast United FC faces - FC Goa in Guwahatti**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## FUR REV:NEW PM-MAUSAM (INTRO)

കാലാവസ്ഥാ നിരീക്ഷണത്തിലെ രാജ്യത്തിൻറെ പുരോഗതി ദുരന്ത പ്രതികരണ മേഖലയെ ശക്തിപ്പെടുത്തിയതായും ലോകത്തിന് മുഴുവൻ പ്രയോജനപ്രദമാകുന്നതായും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയുടെ വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ്, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങൾക്ക് വിവരങ്ങൾ കൈമാറുന്നതായും പ്രധാനമന്ത്രി പറഞ്ഞു. 90 ശതമാനം ജനതയ്ക്കും കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ സേവനങ്ങശൾ ലഭ്യമാകുന്നതായും പ്രധാനമന്ത്രി പറഞ്ഞു. ന്യൂ ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ, കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ 150-ാം സ്ഥാപക ദിനാഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്.......)

കാലാവസ്ഥാ നിരീക്ഷണ സംവിധാനത്തെ സ്മാർട്ടാക്കാനും ഭാവിയിലേക്ക് സജ്ജമാക്കാനുമാണ് മിഷൻ മൗസം ആരംഭിക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഐഎംഡിയുടെ 150 വർഷത്തെ യാത്രയെ പ്രധാനമന്ത്രി പ്രശംസിച്ചു. ദശലക്ഷക്കണക്കിന് ഇന്ത്യക്കാരെ സേവിക്കുക മാത്രമല്ല, ഇന്ത്യയുടെ ശാസ്ത്ര പുരോഗതിയുടെ പ്രതീകമായും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മാറിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## SABARIMALA (INTRO)

ശബരിമലയിൽ മകരവിളക്ക് ദർശന സുകൃതം നേടി തീർത്ഥാടക ലക്ഷങ്ങൾ. മകരസംക്രമ സന്ധ്യയിൽ തിരുവാഭരണ വിഭൂഷിതനായ അയ്യന്റെ മഹാദീപാരാധനയും നടന്നു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

(വോയ്സ്)

&&&&&&&&&&&&&&&&&&

## MAHAKUMBH - MAKAR SANKRANTI SNAN

പ്രയാഗ്‌രാജിലെ ത്രിവേണി സംഗമത്തിൽ നടക്കുന്ന മകരസംക്രാന്തി അമൃത് സ്നാനത്തിൽ മൂന്നര കോടി തീർത്ഥാടകർ പങ്കെടുത്തു. ദശലക്ഷക്കണക്കിന് ഭക്തരും സന്യാസിമാരും അമൃത് സ്നാനത്തിൽ പങ്കെടുക്കുന്നു. രാവിലെ നടന്ന ഗംഗാ ആരതിയിലും നിരവധി പേർ പങ്കുചേർന്നു.

&&&&&&&&&&&&&&&&&&

## PM - AMRIT SNAN

മകരസംക്രാന്തി ഉത്സവത്തോടനുബന്ധിച്ച് മഹാകുംഭത്തിലെ ആദ്യ അമൃത് സ്നാനത്തിൽ പങ്കെടുത്തവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. പ്രയാഗ് രാജിലെ മഹാകുംഭമേളയുടെ നേർക്കാഴ്ചകൾ പങ്കുവെച്ച അദ്ദേഹം കുംഭമേള ഭക്തിയുടെയും ആത്മീയതയുടെയും യഥാർത്ഥ പ്രതിഫലനമാണെന്ന് പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## PM-NATIONAL TURMERIC BOARD + GOYAL-TURMERIC

ദേശീയ മഞ്ഞൾ ബോർഡ് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ ഇന്ന് ന്യൂഡൽഹിയിൽ വെർച്വലായി ഉദ്ഘാടനം ചെയ്തു. മഞ്ഞൾ കർഷകരുടെ ക്ഷേമത്തിലും മികച്ച മഞ്ഞൾ ഇനങ്ങൾ വികസിപ്പിക്കുന്നതിലും കയറ്റുമതി വർദ്ധിപ്പിക്കുന്നതിലും ബോർഡ് ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ 20 സംസ്ഥാനങ്ങളിലെ കർഷകരാണ് മഞ്ഞൾ കൃഷി ചെയ്യുന്നതെന്നും ലോകത്തിലെ മഞ്ഞളിന്റെ 70 ശതമാനവും ഇന്ത്യയിലാണ് കൃഷി ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. അതേസമയം ദേശീയ മഞ്ഞൾ ബോർഡ് സ്ഥാപിച്ചതിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. മഞ്ഞൾ ഉൽപാദനത്തിൽ നൂതനാശയങ്ങൾ, ആഗോള പ്രോത്സാഹനം, മൂല്യവർദ്ധനവ് എന്നിവയ്ക്ക് മികച്ച അവസരങ്ങൾ ഈ ബോർഡ് ഉറപ്പാക്കുമെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## ASHWINI-BRIEFING

ഡൽഹിയിൽ വിവിധ റെയിൽവേ സ്റ്റേഷനുകളിൽ പുനർവികസന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. യാത്രക്കാരുടെ എണ്ണം വർധിക്കുന്നതിനനുസരിച്ചാണ് റെയിൽവേ സ്റ്റേഷനുകളുടെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതെന്ന അദ്ദേഹം പറഞ്ഞു. കഴിഞ്ഞ പത്ത് വർഷത്തിനിടെ ഡൽഹിക്കുള്ള റെയിൽവേ ബജറ്റ് വിഹിതത്തിൽ 27 മടങ്ങ് വർധനവാണുണ്ടായിട്ടുള്ളതെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## MEA-RUSSIA

റഷ്യൻ സൈന്യത്തിനൊപ്പം പ്രവർത്തിക്കുന്ന ഇന്ത്യക്കാരെ എത്രയും വേഗം തിരിച്ചയക്കണമെന്ന് ആവശ്യപ്പെട്ട് വിദേശകാര്യ മന്ത്രാലയം. മലയാളിയായ ബിനിലിന്റെ മരണം സംബന്ധിച്ചും റഷ്യൻ അധികൃതരുമായും ഇന്ത്യയിലെ റഷ്യൻ എംബസി അധികൃതരുമായും മന്ത്രാലയം ചർച്ച നടത്തി. ബിനിലിൻറെ മരണത്തിൽ അനുശോചനം അറിയിക്കുന്നതായും ഒരാൾ പരിക്കേറ്റ് മോസ്കോയിൽ ചികിത്സയിലാണെന്നും കേന്ദ്ര വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. മൃതദേഹം എത്രയും വേഗം നാട്ടിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## CM - CONCLAVE

ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസം എല്ലാവർക്കും പ്രാപ്യമാക്കുകയും, വ്യത്യസ്ത പഠന വെല്ലുവിളികൾ നേരിടുന്ന പഠിതാക്കളെ ഉൾക്കൊള്ളുകയും ചെയ്യുകയാണ് സർക്കാർ വിഭാവനം ചെയ്യുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എറണാകുളം കുസാറ്റിൽ തുടങ്ങിയ ദ്വിദിന രാജ്യാന്തര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്വദേശ വിദ്യാർഥികൾക്കൊപ്പം വിദേശ വിദ്യാർത്ഥികളെയും മികച്ച സൗകര്യങ്ങളും കോഴ്സുകളും നൽകി

കേരളത്തിലേക്ക് ആകർഷിക്കാൻ ലക്ഷ്യമിടുന്നുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## WAYANAD - RELIEF FUND

വയനാട് മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിൽ കാണാതായവരെ മരണപ്പെട്ടവരായി കണക്കാക്കി അടുത്ത ബന്ധുക്കൾക്ക് ധനസഹായം നൽകാൻ തീരുമാനം.

ഇതിനായി 2 സമിതികൾ രൂപീകരിച്ചു. പ്രാദേശിക തല സമിതി, സംസ്ഥാന തലസമിതി എന്നിങ്ങനെയാണ് സമിതികൾ രൂപീകരിച്ചിട്ടുള്ളത്. കാണാതായവരുടെ പേരിൽ രജിസ്റ്റർ ചെയ്ത എഫ്ഐആർ വിശദാംശങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നും റവന്യൂ ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിക്കും.

&&&&&&&&&&&&&&&&&&

## BOBBY CHEMMANNUR

അഭിനേത്രി ഹണി റോസിനെ അധിക്ഷേപിച്ചെന്ന കേസിൽ വ്യവസായി ബോബി ചെമ്മണ്ണൂരിന് ഹൈക്കോടതി ജാമ്യം അനുവദിച്ചു. ബോബി ചെമ്മണ്ണൂരിൻ്റെ പരാമർശത്തിൽ ദ്വയാർത്ഥം ഇല്ല എന്ന് പറയാനാകില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ഉപാധികളോടെയാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## PM-VETERANS DAY

അനുഭവസമ്പന്നരായ വിമുക്തഭടന്മാർ വീരന്മാരും ദേശസ്നേഹത്തിൻറെ ശാശ്വത പ്രതീകങ്ങളുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സായുധ സേനാ വെറ്ററൻസ് ദിനത്തോടനുബന്ധിച്ച് രാജ്യത്തിനായി ജീവിതം സമർപ്പിച്ച ധീരരായ സൈനികർക്ക് പ്രധാനമന്ത്രി നന്ദി രേഖപ്പെടുത്തി. അവരുടെ ത്യാഗവും ധൈര്യവും പ്രതിബദ്ധതയും മാതൃകാപരമാണെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## J AND K – RAJNATH SINGH (INTRO)

രാജ്യത്തെ ഭീകരരിൽ നിന്ന് സംരക്ഷിക്കാനാണ് സൈനികർ ജീവൻ ത്യജിക്കുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്. പാക് അധീന കശ്മീരില്ലാതെ ജമ്മു കശ്മീർ അപൂർണ്ണമാണെന്നും പാക് അധീന കശ്മീരിലെ ജനങ്ങൾ മതത്തിൻറെ അടിസ്ഥാനത്തിൽ വിവേചനം നേരിടുന്നുവെന്നും അദ്ദേഹം പറഞ്ഞു. ജമ്മുവിലെ അഖ്നൂരിൽ വിമുക്തഭടന്മാരുടെ റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. മേഖലയിലെ പാക് നിയന്ത്രണ ലോഞ്ചിംഗ് പാഡുകളിൽ ഇന്ത്യ കൃത്യസമയത്ത് നടപടിയെടുക്കുമെന്നും രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്....)

&&&&&&&&&&&&&&&&&&

## HEAD LINE – 5

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന്, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്.സി ,എഫ്.സി ഗോവയെ നേരിടുന്നു. ഗുവാഹത്തി ഇന്ദിര ഗാന്ധി അത്‌ലറ്റിക് സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## DAY IMD – WEATHER

പശ്ചിമ ബംഗാൾ, ബീഹാർ, ജാർഖണ്ഡ്, ഒഡീഷ, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ വരും ദിവസങ്ങളിൽ മൂടൽ മഞ്ഞിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ജമ്മുകശ്മീരിലും അതിശൈത്യം തുടരുകയാണ്. പ്രദേശത്ത് മറ്റന്നാൾ വരെ മഞ്ഞുവീഴ്ച തുടരുമെന്നാണ് കാലാവസ്ഥവകുപ്പിന്റെ മുന്നറിയിപ്പ്. അതേസമയം, തെക്കുകിഴക്കൻ അറബിക്കടലിലും ഇന്ത്യൻ മഹാസമുദ്രത്തിലും ന്യൂനമർദ്ദം രൂപപ്പെട്ടതായും ഇതിന്റെ ഫലമായി, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ, കേരളം, തീരദേശ ആന്ധ്രാപ്രദേശ്, എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ഇടിമിന്നലോടു കൂടിയ നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥ നിരീക്ഷണകേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&

## J AND K LOC

ജമ്മു കശ്മീരിലെ രജൗരി ജില്ലയിലെ നിയന്ത്രണ രേഖയിൽ ഇന്ന് ഉണ്ടായ കുഴിബോംബ് സ്ഫോടനത്തിൽ ആറ് സൈനികർക്ക് പരിക്കേറ്റു. പതിവ് പട്രോളിംഗിനിടെ, സൈനിക സംഘം അബദ്ധത്തിൽ കുഴിബോംബിൽ ചവിട്ടിയതിനെത്തുടർന്നാണ് സ്ഫോടനം ഉണ്ടായത്. പരിക്കേറ്റ സൈനികരെ ഉടൻ തന്നെ രജൗരിയിലെ ആശുപത്രിയിലേക്ക് മാറ്റി. പരിക്കുകൾ നിസ്സാരമെന്നാണ് റിപ്പോർട്ട്.

&&&&&&&&&&&&&&&&&&

## PARIKSHA PE CHARCHA RECORD

പ്രധാനമന്ത്രി നരേന്ദ്ര മോദിയോടൊപ്പം ഈ വർഷത്തെ 'പരീക്ഷ പേ ചർച്ച'യിൽ പങ്കെടുക്കാൻ 3.25 കോടി വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരും രജിസ്റ്റർ ചെയ്തതായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം. വിദേശ വിദ്യാർത്ഥികളുടെ ശ്രദ്ധേയമായ എണ്ണം രജിസ്ട്രേഷനുകളും ഇതിൽ ഉൾപ്പെടുന്നു, ഇത് ആഗോളതലത്തിൽ പരിപാടിയുടെ ആകർഷണം വർദ്ധിപ്പിക്കുന്നു. 2024 ഡിസംബർ 14 ന് ആരംഭിച്ച രജിസ്ട്രേഷൻ ഇന്ന് അവസാനിക്കും. താൽപ്പര്യമുള്ളവർക്ക് സമയപരിധിക്ക് മുമ്പ് mygov.in ൽ രജിസ്റ്റർ ചെയ്യാം. പരിപാടിയിൽ, പ്രധാനമന്ത്രി വിദ്യാർത്ഥികളുടെ സംശയങ്ങൾ പരിഹരിക്കുകയും ആത്മവിശ്വാസത്തോടെ പരീക്ഷകളെ സമീപിക്കുന്നതിനുള്ള പ്രായോഗിക നുറുങ്ങുകൾ നൽകുകയും ചെയ്യും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&